പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:*562 27/10/2016 - ൽ മറുപടിയ്ക്ക്

**എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളുടെ ചൂഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ .എ. നെല്ലിക്കുന്ന്<br>,, പി. ഉബൈദുള്ള<br>,, സി. മമ്മൂട്ടി<br>,, കെ.എം. ഷാജി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) വിദ്യാഭ്യാസ രംഗത്ത് എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളുടെ ചൂഷണ സ്വഭാവം നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ചൂഷണങ്ങൾ നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) എങ്കിൽ അക്കാര്യത്തിനായി എന്തൊക്കെ നടപടികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ; | (ബി) അൺ എയ്ഡഡ് മേഖലയിലെ സ്കൂളിലുള്ളവർക്ക് മിനിമം വേതനം പോലുള്ള കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. അനധികൃത പി.റ്റി.എ പിരിവും മറ്റ് പിരിവുകളും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദപ്പെട്ടവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് താക്കീത് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്. |
| (സി) അൺ എയ്ഡഡ് മേഖല, സർക്കാർ/ എയ്ഡഡ് മേഖലയുടേതിൽ നിന്ന് വേറിട്ട്, വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ചെലുത്തുന്ന ദു:സ്വാധീനം ഇല്ലാതാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) മുഖ്യധാരാ സ്കൂളുകളുടെ അക്കാദമികവും ഭൗതികവുമായ നിലവാരം ഉയർത്താൻ നിരവധി പരിപാടികൾ സർക്കാർ ആസൂത്രണം ചെയ്യുന്നുണ്ട്. കേരളത്തിലെ എല്ലാ സ്കൂളുകളിലും ജനാധിപത്യപരമായ രീതിയിൽ ജനകീയ ഇടപെടലുകൾ നടത്തി പൊതു വിദ്യാഭ്യാസ രംഗം സംരക്ഷിക്കുന്നതിനായി വളരെ ബൃഹത്തായ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്ന പരിപാടി സർക്കാർ ആസൂത്രണം ചെയ്തുകഴിഞ്ഞു. ഇതുകൂടാതെ |

സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ 8,9,10,11,12 ക്ലാസ്സുകൾ ഹൈടെക്ക് ആക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ഓരോ മണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 1000 കോടി രൂപ 2016-17-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

Sreedev K

സെക്ഷൻ ഓഫീസർ